ഇൻഷ്വറൻസ് കമ്പനിയുടെയും കോർപ്പറേറ്റ് ഏജന്റായി പ്രവർത്തിക്കുന്നതിന് സഹകരണ ഇൻഷ്വറൻസ് സംഘം ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

(സി) ഇക്കാര്യം ഇതുവരെ പരിശോധിച്ചിട്ടില്ല.

(ഡി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പദ്ധതി

36 [1043] ശ്രീ. ബിനോയ് വിശ്വം:
,, എൻ. രാജൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർക്കുവേണ്ടി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ മുതൽ നടപ്പാക്കുമെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിൽ ജീവനക്കാരിൽനിന്നും അംശദായം ഈടാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം;

(ഡി) ഈ ആനുകൂല്യം മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുകൂടി ബാധകമാക്കുവാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ ജി.ഒ. (പി) 26/04/ധന. തീയതി 12-1-2004 പ്രകാരം സർക്കാർ ജീവനക്കാർക്കൊപ്പം എയ്ഡഡ് സ്കൂളുകൾ, സ്വകാര്യ കോളേജുകൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരെക്കൂടി വീണ്ടും സംസ്ഥാന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ബി) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും ഈ പദ്ധതിയിൽ ചേരാവുന്നതാണ്. വിശദാംശങ്ങൾ ധന വകുപ്പിന്റെ 20-9-1999-ലെ 1862-ാം നമ്പർ സർക്കാർ ഉത്തരവിൽ ലഭ്യമാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

(സി) അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി ഇൻഷ്വറൻസ് പ്രീമിയം ഓരോ വിഭാഗം ജീവനക്കാരിൽനിന്നും ഈടാക്കുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ധനവകുപ്പിന്റെ 20-9-1999-ലെ 1862-ാം നമ്പർ ഗവൺമെന്റ് ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു).†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ധനവകുപ്പിന്റെ 12-1-2004-ലെ 26-ാം നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാവുന്നതാണ്.

വ്യാജ മുദ്രപത്രവുമായി ബന്ധപ്പെട്ട കേസ്

37 [1044] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ മുദ്രപത്ര കുംഭകോണവുമായി ബന്ധപ്പെട്ട കേസിൽ കേരളത്തിൽ കണ്ണികൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) വ്യാജ മുദ്രപത്രം ഉപയോഗിച്ച് കേരളത്തിൽ രജിസ്ട്രേഷൻ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) സി.ബി.ഐ. മുഖാന്തിരം അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

(സി, ഡി) സംസ്ഥാനത്ത് വ്യാജ മുദ്രപത്രം തിരിച്ചറിയുന്നതിനുള്ള സംവിധാനം നിലവിലില്ലാത്തതിനാൽ, ഇതേക്കുറിച്ച് പഠനം നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ ഒരു സംഘത്തെ നാസിക്കിലേയും, ഹൈദരാബാദിലേയും മുദ്രപത്രം അച്ചടിക്കുന്ന സെക്യൂരിറ്റി പ്രസ്സിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കേടായ മുദ്രപത്രത്തിന്റെ പേരിൽ റീഫണ്ട് ചെയ്ത തുക

38 [1045] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എഴുകോൺ നാരായണൻ:
,, എം. പി. ഗംഗാധരൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുദ്രപത്രങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തവിധം കേടായതിന്റെ പേരിൽ ഇക്കഴിഞ്ഞ രണ്ടു വർഷത്തിനകം എന്തു തുക റീഫണ്ട് ചെയ്തിട്ടുണ്ട്;

(ബി) ഇക്കാലത്ത് ഈ അടിസ്ഥാനത്തിൽ എന്തു തുകയ്ക്കുള്ള മുദ്രപത്രം പകരം കൊടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly